**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **320** **12.01.2021** – ൽ മറുപടിയ്ക്ക്

**കേരള സാമൂഹ്യ സുരക്ഷാ മിഷൻ**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.കെ.യു.അരുണൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | 2019 ജനുവരി മാസം മുതൽ നാളിതുവരെ കേരള സാമൂഹിക സുരക്ഷാ മിഷൻ മുഖേന ഏതൊക്കെ ധനസഹായ പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്കുള്ള അവബോധം ജനങ്ങളിൽ എത്തിക്കുന്നതിന് സാമൂഹിക സുരക്ഷാ മിഷൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന ധനസഹായം പദ്ധതികളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകാൻ പത്ര-ദൃശ്യ-ശ്രാവ്യ-സാമൂഹ്യ മാദ്ധ്യമങ്ങളിലൂടെ പരസ്യങ്ങളും പ്രോഗ്രാമുകളും നടത്താറുണ്ട്. ആകാശവാണിയിലൂടെയും എഫ്.എം.റേഡിയോവിലൂടെയും നടത്തുന്ന പ്രചരണ പരിപാടികൾ എന്നിവ ഇവയിൽ ഉൾപ്പെടുന്നു. കൂടാതെ സാമൂഹ്യ നീതി വകുപ്പ്, മറ്റ് വകുപ്പുകൾ നടപ്പിലാക്കുന്ന പരിപാടികളിൽ മിഷന്റെ സ്റ്റാൾ ക്രമീകരിക്കുകയും ടി പരിപാടികൾക്കിടയിൽ മിഷന്റെ പദ്ധതി വിശദാംശങ്ങൾ ഉൾപ്പെടുന്ന ബ്രൗഷറുകൾ വിതരണം ചെയ്യുകയും ചെയ്തുവരുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

1. **ആശ്വാസകിരണം** - ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാംവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസം 600/- രൂപ ധനസഹായം അനുവദിച്ച് വരുന്നു.
2. **സ്നേഹപൂർവ്വം** - മാതാപിതാക്കൾ രണ്ടുപേരുമോ അഥവാ ഇവരിൽ ഒരാൾ മരണപ്പെട്ടുകയും ജീവിച്ചിരിക്കുന്നയാൾക്ക് സ്വന്തം ഭവനങ്ങളിൽ കുഞ്ഞുങ്ങളെ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകുന്നതിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രതിമാസം ധനസഹായം നൽകി സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്നേഹപൂർവ്വം പദ്ധതി. ഒന്നാം ക്ലാസ്സ് മുതൽ ഡിഗ്രി/പ്രൊഫഷണൽ കോഴ്സ് പഠിക്കുന്നവർക്ക് 300/- രൂപ മുതൽ 1000/- രൂപ വരെ അനുവദിക്കുന്നു.
3. **സമാശ്വാസം** - വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർക്ക് പ്രതിമാസം 1100/- രൂപ നിരക്കിലും, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേ യരായവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിലും ഹീമോഫീലിയ ബാധിതരായവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിലും, സിക്കിൾ സെൽ അനീമിയ ബാധിതരായവർക്ക് പ്രതിമാസം 2000/- രൂപ നിരക്കിലും ധനസഹായം നൽകി വരുന്നു.
4. **സ്നേഹസ്പർശം** - ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.
5. **സ്നേഹസാന്ത്വനം** - എൻഡോസൾഫാൻ ദുരിത ബാധിതരിൽ ദീർഘകാല ചികിത്സ ആവശ്യമുള്ളവരും, രോഗാവസ്ഥയിലുള്ളവരും, തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗപെൻഷൻ വാങ്ങുന്നവർക്ക് 1700/- രൂപ നിരക്കിലും പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപ നിരക്കിലും പ്രതിമാസ ധനസഹായം നൽകി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനും മറ്റ് ചെലവുകൾക്കുമായി വിദ്യാഭ്യാസ ധനസഹായവും നല്കി വരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതരിൽ പൂർണ്ണമായും കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിയിലൂടെ പ്രതിമാസം 700/- രൂപ നിരക്കിലും ധനസഹായം അനുവദിക്കുന്നു.
6. **താലോലം പദ്ധതി** - ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പുസംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യ ചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ

തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാ ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു.

7. **ക്യാൻസർ സുരക്ഷാ പദ്ധതി** - 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷ. ടി പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 12 ആശുപത്രികൾ മുഖേന നടപ്പാക്കി വരുന്നു.
8. **ശ്രുതിതരംഗം പദ്ധതി** - സംസ്ഥാനത്തെ സർക്കാർ/പ്രൈവറ്റ് ആശുപത്രികൾ മുഖേന ജന്മനാ കേൾവിക്കുറവുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ട് നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം.
9. **ധ്വനി പദ്ധതി** - ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച 25 വയസ്സിനുള്ളിൽ പ്രായമുള്ള കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.
10. **കോക്ലിയാർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിന്റനൻസ്** നടത്തി നൽകുന്ന പദ്ധതി.
11. **മിഠായി-** Type I Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്ന മിഠായി പദ്ധതിയിൽ continuous glucose monitoring insulin pen/pump എന്നിവ നൽകുകയും കൗൺസിലിംഗും മാതാപിതാക്കൾക്ക് പരിശീലനവും നല്കിവരുന്നു.
12. **വി-കെയർ** - വി-കെയർ പദ്ധതി പ്രകാരം സ്വരൂപിക്കുന്ന ഫണ്ട് വിനിയോഗിച്ച് അർഹരായ രോഗികൾക്ക് കിഡ്നി/ലിവർ ട്രാൻസ് പ്ലാന്റേഷൻ, ബോൺമാരോ ട്രാൻസ് പ്ലാന്റേഷൻ, ബ്രയിൻ സ്റ്റിമുലേഷൻ സർജറി, കാർഡിയാക് സർജറി, ഇടുപ്പ് എല്ല്/മുട്ട് മാറ്റിവയ്ക്കൽ സർജറി, ഹോർമോൺ തെറാപ്പി കൂടാതെ സഹായ ഉപകരണങ്ങൾ എന്നിവ ഈ പദ്ധതി പ്രകാരം നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**